ഇതുമൂലം നഷ്ടത്തിന്റെ തോത് കുറയ്ക്കാൻ കഴിയുമെന്നുതന്നെയാണ് കരുതുന്നത്. എന്നാൽ നിശ്ചിത വരുമാനം ഇല്ലാത്ത റൂട്ടുകളിലെ സർവ്വീസുകളെല്ലാം നിറുത്തൽ ചെയ്യുക എന്ന ഒരു സമീപനം സാദ്ധ്യമല്ല. ഉദാഹരണത്തിന് വിദ്യാർത്ഥികൾക്കു വേണ്ടി നടത്തുന്ന സ്പെഷ്യൽ ബസ്സുകളും അതുപോലെ മറ്റു യാത്രാ സൗകര്യം ഇല്ലാത്ത റൂട്ടുകളിലെ സർവ്വീസുകളും തീരെ നിറുത്തുവാൻ സാധിക്കുകയില്ല. വരുമാനം കുറഞ്ഞ സർവ്വീസുകൾ പുന:സംവിധാനം ചെയ്യുകയും തീരെ കുറഞ്ഞവ നിറുത്തലാക്കുകയുമാണ് ചെയ്യുന്നത്.

പാരലൽ കോളേജിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റുകൾ

*278 [294] ശ്രീ. ത്യാഗരാജൻ:

,, കല്ലട നാരായണൻ:

,, എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരലൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ കൺസഷൻ ടിക്കറ്റുകൾ നൽകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് പി. എസ്. യു. എന്ന വിദ്യാർത്ഥി സംഘടന നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഗതാഗതവകുപ്പു മന്ത്രി: (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഉണ്ട്.

(ബി) പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റുകൾ നൽകുന്ന കാര്യത്തിൽ ഒരന്തിമ തീരുമാനമെടുത്തു കഴിഞ്ഞിട്ടില്ല.

ഹരിജൻ കോളനികളിൽ വിദ്യുച്ഛക്തിയും ശുദ്ധജലവും വിതരണം

*279 [295] ശ്രീ. എ. നീലലോഹിതദാസൻ നാടാർ:

,, ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സംസ്ഥാനത്തുള്ള എല്ലാ ഹരിജൻ കോളനികളിലും വിദ്യുച്ഛക്തിയും ശുദ്ധജലവിതരണവും നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇനിയും നടപ്പാക്കാൻ എത്ര കോളനികൾ ബാക്കിയുണ്ട്;

(സി) 1979-80 സാമ്പത്തിക വർഷം തീരുന്നതിനു മുമ്പ് കേരള സംസ്ഥാനത്തുള്ള എല്ലാ ഹരിജന കോളനികളിലും താമസിക്കുന്നവർക്കു വീട്, വിദ്യുച്ഛക്തി, ശുദ്ധജലം എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly